LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന ആരോഗ്യ വകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും നൽകുന്ന വാർഷിക ഇൻഡന്റ് പ്രകാരം പ്രതിവർഷം 200 കോടിയിലധികം രൂപയ്ക്കുള്ള ജനറിക് മരുന്നുകൾ കോർപ്പറേഷൻ സംഭരിച്ച് സംസ്ഥാനത്തൊട്ടാകെയുള്ള സർക്കാർ ആശുപത്രികൾ മുഖേന വിതരണം ചെയ്യുവരുന്നു. (ഇതുകൂടാതെ കോർപ്പറേഷനു കീഴിലുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ മുഖേന 100 കോടി രൂപയ്ക്കു മുകളിൽ ബ്രാൻഡഡ് മരുന്നുകളും കോർപ്പറേഷൻ വിപണിയിൽ വിൽപ്പന നടത്തുന്നുണ്ട്.)

(ബി&സി) അവശ്യമരുന്നു വിതരണത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള മരുന്നു കമ്പനികൾ അവരുടെ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് വിതരണം ചെയ്യുന്നതോടൊപ്പം ഓരോ ബാച്ച് എൻ.എ.ബി.എൽ. അക്രഡിറ്റഡ് ലാബിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തിയ പരിശോധനാ റിപ്പോർട്ട് നൽകണമെന്ന് ടെണ്ടറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ഓരോ വർഷവും കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളുടെ 10 ശതമാനം റാൻഡമായി സാമ്പിൾ എടുത്ത് കോർപ്പറേഷൻ എംപാനൽ ചെയ്തിട്ടുള്ള എൻ.എ.ബി.എൽ. അക്രഡിറ്റഡ് ലാബുകളിൽ അയച്ച് ഗുണനിലവാര പരിശോധന ഉറപ്പുവരുത്താറുണ്ട്. ഇതിനായി ഇന്ത്യയൊട്ടാകെയുള്ള എട്ട് ലാബുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ കോർപ്പറേഷൻ വിതരണം ചെയ്യുന്ന മരുന്നുകളിൽ ഏതെങ്കിലും ഒരു മരുന്നിനെക്കുറിച്ച് പരാതി ഉയർന്നാൽ, പ്രസ്തുത ബാച്ചിൽപ്പെട്ട മരുന്നിന്റെ ഉപയോഗവും വിതരണവും നിർത്തിവച്ച്, പരാതി ലഭിച്ച ആശുപത്രിയിൽനിന്നും ശേഖരിച്ച് വിശദമായ ഗുണനിലവാര പരിശോധനയ്ക്കായി തിരുവനന്തപുരത്തുള്ള ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ അയച്ച് പരിശോധന നടത്താറുണ്ട്.

(ഡി) നിലവിലുള്ള നടപടികൾ പര്യാപ്തമാണ്.

ആശുപത്രികൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

86 (793) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സിദ്ധ, ആയുർവ്വേദ ആശുപത്രികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പുതുതായി ആശുപത്രികൾ ആരംഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(സി) സർക്കാർ ആശുപത്രികൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചത് സംബന്ധിച്ച ഉത്തരവുകൾ നിലവിലുണ്ടോ ;

(ഡി) പുതുതായി ആരംഭിക്കുന്ന ആശുപത്രിയുടെ നിശ്ചിത ദൂരപരിധിയിൽ മറ്റ് ആശുപത്രികൾ ഒന്നും ഉണ്ടാവാൻ പാടില്ല എന്ന ഉത്തരവുകൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 2014-15 സാമ്പത്തിക വർഷം സംസ്ഥാനത്ത് 25 പുതിയ ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് 70 ലക്ഷം രൂപയും സിദ്ധ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് 44 ലക്ഷം രൂപയും പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) സ്ഥാപനം ആരംഭിക്കുന്നതിനാവശ്യമായ കെട്ടിടം, വെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി തരുന്നതായിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തീരുമാനവും പ്രസ്തുത സ്ഥാപനം ആരംഭിക്കേണ്ടത് സംബന്ധിച്ച് ജില്ലാ മെഡിക്കലാഫീസറുടെ അഭിപ്രായവും സഹിതം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയാണ് ചെയ്യുന്നത്.

(സി & ഡി) ഇല്ല

ഭക്ഷ്യ സുരക്ഷാ വകുപ്പ്

87 (794) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രൂപീകരിക്കപ്പെട്ട ഭക്ഷ്യസുരക്ഷാ വകുപ്പിൽ മതിയായ ഉദ്യോഗസ്ഥരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത വിഷയത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) ഈ വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യം കാര്യക്ഷമമായി കൈവരിക്കുന്നതിന് സാദ്ധ്യമാകാത്ത അവസ്ഥ നിലവിലുള്ളതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly